# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4685** — 28/06/2013 - ലെ മറുപടിയ്ക്ക്

## സ്കൂളുകളിൽ ജൈവ പാചകവാതക പ്ലാന്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. എം.എ.വാഹീദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജൈവ പാചകവാതക പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് കൃഷി വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയിഡഡ് സ്കൂളുകളിലും ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിലേക്ക് ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 13,000 രൂപാ ചെലവ് വരുന്ന ബയോഗ്യാസ് പ്ലാന്റുകൾ പ്രൈമറി സ്കൂളിലും 17,500 രൂപാ ചെലവ് വരുന്ന പ്ലാന്റ് യു.പി. വിഭാഗത്തിലും 23,500 രൂപാ ചെലവ് വരുന്ന പ്ലാന്റ് ഹൈസ്കൂൾ വിഭാഗത്തിലുമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മാലിന്യ നിർമ്മാർജ്ജനം, ഊർജ്ജോൽപാദനം, ജൈവ പച്ചക്കറി ഉൽപാദനം, ശുചിത്വ അവബോധം സൃഷ്ടിക്കുക, കുട്ടികളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കൽ എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (സി) സ്കൂളുകളിലും പരിസരങ്ങളിലും ഉള്ള മാലിന്യം സംസ്ക്കരിച്ച് പാചകവാതകം ഉണ്ടാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ലഭ്യമാകുന്ന മാലിന്യം ഉപയോഗിച്ച് ജൈവ വാതക പ്ലാന്റുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന് ഏകദേശം 25 കോടി രൂപയോളം ചെലവ് പ്രതീക്ഷിക്കുന്നു. എന്നാൽ പദ്ധതിയുടെ നടത്തിപ്പിന് അന്തിമ അനുമതി ലഭിച്ചിട്ടില്ല |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ഈ പദ്ധതിയുമായി സഹകരിക്കുന്ന ഏജൻസികളെ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ